LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതകളെ നഗരവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസന പദ്ധതി

15 (*555) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളെ നഗരവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) ഗതാഗതക്കുരുക്ക് കുറയ്ക്കുക, അപകട നിരക്ക് കുറയ്ക്കുക, സുഗമമായ ഗതാഗതം ഉറപ്പു വരുത്തുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ജില്ലാതല സുരക്ഷാ സമിതി, റോഡ് സുരക്ഷാ അതോറിറ്റി എന്നിവയുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടും KSUDP-യുമായി സഹകരിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള പ്രാരംഭ ചർച്ചകൾ വകുപ്പുതലത്തിലും സർക്കാർ തലത്തിലും നടന്നുവരുന്നു.

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതി

16 (*556) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;